## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: റ്റി.1360 — 04.02.2019-ൽ മറുപടിക്ക്

### 'ആശിക്കും ഭൂമി ആദിവാസികൾക്ക്' പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**,, ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ :** | | ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| എ) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ആശിക്കും ഭൂമി ആദിവാസികൾക്ക്' എന്ന പദ്ധതി പരാജയപ്പെടാൻ ഇടയായ കാരണങ്ങൾ വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് സർക്കാർ ഉത്തരവ് 84/2013/പജപവവിവ തീയതി, 23.10.2013 പ്രകാരം നടപ്പിലാക്കിയ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾ സ്വന്തമായി കണ്ടെത്തുന്ന ഭൂമി 25 സെന്റിൽ കുറയാതെയും 1 ഏക്കറിൽ അധികരിക്കാതെയും പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് ഭൂമി വാങ്ങി നൽകുകയാണ് ചെയ്തിരുന്നത്.<br><br>സ്വന്തമായി ഭൂമി കണ്ടെത്തി കൊണ്ടുവരാൻ കഴിയാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭിക്കാത്ത സാഹചര്യത്തിലും, സംസ്ഥാനമൊട്ടാകെ 12000-ത്തോളം ഭൂരഹിത പട്ടികവർഗ്ഗക്കാർ നിലവിലുള്ളപ്പോൾ ടി പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ലായെന്നും ടി പദ്ധതിയിൽ വാസയോഗ്യവും, കൃഷിയോഗ്യവുമല്ലാത്തതും വഴി സൗകര്യമില്ലാത്തതും മാർക്കറ്റ് വിലയേക്കാൾ വളരെ കൂടിയ വിലയുള്ള ഭൂമി വാങ്ങി നൽകി എന്നിങ്ങനെയുള്ള ആരോപണങ്ങളെ തുടർന്ന് പല ജില്ലകളിലും വിജിലൻസ് അന്വേഷണം ഉണ്ടാകുകയും ചെയ്തിരുന്നു. ആയത് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭൂമി വാങ്ങി നൽകൽ പദ്ധതിയ്ക്ക് പൊതുസമൂഹത്തിന്റെ മുമ്പിൽ വ്യാപക വിമർശനം ഏറ്റുവാങ്ങേണ്ടി വരികയും പദ്ധതി വേണ്ട രീതിയിൽ മുന്നോട്ട് പോകാതെയുമിരിക്കാൻ കാരണമായി. ഇക്കാരണങ്ങളാൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'ആശിക്കും ഭൂമി ആദിവാസികൾക്ക്' എന്ന പദ്ധതി പരാജയപ്പെടാൻ ഇടയായി. |
| ബി) | ഇടനിലക്കാരെ ഒഴിവാക്കി അർഹരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനായി ലാൻഡ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | ബി) | ഇടനിലക്കാരെ ഒഴിവാക്കി അർഹരായ ആദിവാസികൾക്ക് ഭൂമി നല്കുന്നതിനായി പട്ടികവർഗ്ഗ മേഖലകളോട് ചേർന്ന പ്രദേശങ്ങളിലും ഭൂരഹിതർ ഇപ്പോൾ താമസിക്കുന്ന പഞ്ചായത്ത്/കോർപ്പറേഷൻ പരിധിയിലുമുള്ള |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങൾക്ക് മുൻഗണന നൽകി വാസയോഗ്യവും, കൃഷിയോഗ്യവുമായ ഭൂമി ഭൂ ഉടമയിൽ നിന്നും ജില്ലാ മിഷൻ വാങ്ങി ലാന്റ് ബാങ്കായി നിലനിർത്തുന്നു. പദ്ധതി 03.03.2018-ലെ സ.ഉ.(എം.എസ്)നം.21/18/പജപവവിവ ഉത്തരവ് പ്രകാരം ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ജില്ലാ കളക്ടർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് കണ്ടെത്തുന്ന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് വാങ്ങി നൽകുകയാണ് ചെയ്യുന്നത്. |
| സി) | ഇതിലേക്കായി ഭൂമി വാങ്ങുന്നതിന് പരിഗണിക്കുന്ന മാനദണ്ഡങ്ങളും മറ്റു ഘടകങ്ങളും അറിയിക്കുമോ; | സി) | 03.03.2018-ലെ സ.ഉ(എം.എസ്)നം.21/2018/പജപവ വിവ പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ ഇതോടൊപ്പം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| ഡി) | പ്രസ്തുത ഭൂമി വിതരണത്തിന് സ്വീകരിച്ച നടപടികളും അതിന്റെ പുരോഗതിയും അറിയിക്കുമോ? | ഡി) | മേൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലകളിൽ പത്രമാധ്യമങ്ങൾ മുഖാന്തിരം വിജ്ഞാപനം പുറപ്പെടുവിക്കുകയും, ഭൂമി വിൽക്കാൻ തയ്യാറുള്ള ഭൂ ഉടമകളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, ഇതിനായി സംസ്ഥാനമൊട്ടാകെ (കണ്ണൂർ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ഒഴികെ) 689 ഭൂവുടമകളിൽ നിന്നും 1674.77 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ലഭിച്ച അപേക്ഷകളിൽ ഭൂരിഭാഗം അപേക്ഷകളിന്മേലും പഞ്ചായത്തുതല പരിശോധനയും പൂർത്തിയായി വരുന്നുണ്ട്. ടി പരിശോധനകൾ പൂർത്തിയാക്കിയ അപേക്ഷകൾ ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ ശിപാർശയ്ക്കായി അയച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നും ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഭൂമി വാങ്ങുന്നതിനായി തുക അനുവദിച്ചു നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

കേരള സർക്കാർ

സംഗ്രഹം

പട്ടികവർഗ്ഗ വികസന വകുപ്പ് - ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി - ഭൂമി വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**പട്ടികജാതി - പട്ടികവർഗ്ഗ വികസന (ഡി) വകുപ്പ്**

സ.ഉ.(എം.എസ്) നം. 21/2018/പജപവവിവ. തീയതി, തിരുവനന്തപുരം, 03.03.2018.

പരാമർശം:- ആദിവാസി പുനരധിവാസ വികസന മിഷൻ ചീഫിന്റെ 06.10.2017-ലെ 1139/2017/റ്റി.ആർ.ഡി.എം./എ നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്ത് കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി ജില്ലാ കളക്ടർമാർ മുഖേന വിലയ്ക്ക് വാങ്ങി ആദിവാസി പുനരധിവാസ വികസന മിഷൻ , വഴി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന പദ്ധതി പ്രകാരം ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച് ആദിവാസി പുനരധിവാസ വികസന മിഷൻ ചീഫ് പരാമർശപ്രകാരം സമർപ്പിച്ച ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ പദ്ധതി നടപ്പാക്കുന്നതിനായി ഭൂമി വിലയ്ക്ക് വാങ്ങുന്നത് സംബന്ധിച്ച് ഇതോടൊപ്പമുള്ള അനുബന്ധത്തിൽ പറയും പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ബീനാകുമാരി. എസ്.,**
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
ചീഫ്, ആദിവാസി പുനരധിവാസ വികസന മിഷൻ, തിരുവനന്തപുരം.
പ്രോജക്റ്റ് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ
(പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള. തിരുവനന്തപുരം.
റവന്യൂ വകുപ്പ് ( No.Rev-R1/143/2017-Rev)
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിലേക്കായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## ജില്ലാ കളക്ടർമാർ മുഖേന കൃഷിയോഗ്യവും വാസയോഗ്യവുമായ ഭൂമി വിലയ്ക്ക് വാങ്ങി ആദിവാസി പുനരധിവാസ വികസന മിഷൻ വഴി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

### അർഹത

1. അപേക്ഷകൻ ഭൂരഹിത പട്ടികവർഗ്ഗക്കാരൻ ആയിരിക്കണം
2. ഭൂമിയില്ലാത്ത കുടുംബം ആണെന്ന് ഗ്രാമസഭ/ഊരുകൂട്ടം, പട്ടികവർഗ്ഗ വികസന വകുപ്പ്, റവന്യൂ അധികാരികൾ എന്നിവരിൽ ആരെങ്കിലും സാക്ഷ്യപ്പെടുത്തിയ വ്യക്തി ആയിരിക്കണം.

### ഭൂമി വാങ്ങുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

1. ആദിവാസി പുനരധിവാസ വികസന ജില്ലാ മിഷൻ ചെയർമാനായ ജില്ലാ കളക്ടർ, പത്രപ്പരസ്യത്തിലൂടെയും വെബ്സൈറ്റിലൂടെയും പ്രമോട്ടർമാർ മുഖേന പ്രാദേശികമായി വ്യാപക പ്രചരണം നൽകിയും നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ഭൂമി വിൽപ്പനയ്ക്ക് തയ്യാറുള്ളവരിൽ നിന്നും ഓഫറുകൾ സ്വീകരിക്കുന്നതാണ്.

2. ഇടനിലക്കാരുടെ ഇടപെടലും ചൂഷണവും ഒഴിവാക്കുക, സുതാര്യത ഉറപ്പുവരുത്തുക, ഗുണനിലവാരമുള്ളതും , അധിവാസ യോഗ്യവും കൃഷിയോഗ്യവുമായ സ്ഥലം ലഭ്യമാക്കുക, വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സൗകര്യമൊരുക്കുക, വിദ്യാഭ്യാസ-ആരോഗ്യ സംരക്ഷണം തുടങ്ങിയവയ്ക്ക് മുന്തിയ പരിഗണന ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ടായിരിക്കും പദ്ധതി നടപ്പിലാക്കുക. ടിആർഡിഎം സ്ഥലം വിലയ്ക്ക് വാങ്ങി ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന രീതിയിലായിരിക്കും പദ്ധതി നടപ്പിലാക്കുക.

3. കുറഞ്ഞത് ഒരേക്കർ വരെ ഭൂമിയുള്ളവരുടെ ഓഫറുകൾ സ്വീകരിക്കേണ്ടതാണ്.

4. സ്ഥല ഉടമകൾ സമർപ്പിക്കുന്ന ഓഫറുകളോടൊപ്പം വസ്തുവിന്റെ ആധാരത്തിന്റെ പകർപ്പ്, അടിയാധാരം, ഭൂമിയുടെ സ്കെച്ച്, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ അക്കൗണ്ട്, 15 വർഷത്തെ കുടിക്കട സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്, ജില്ലാ ഗവൺമെന്റ് പ്ലീഡറിൽ നിന്നുള്ള ലീഗൽ സ്ക്രൂട്ടണി സർട്ടിഫിക്കറ്റ്, ഒരു സെന്റിന് പ്രതീക്ഷിക്കുന്ന തുക, മുഴുവൻ വസ്തുവിനും പ്രതീക്ഷിക്കുന്ന തുക, വസ്തു വിൽപ്പനയ്ക്ക് തയ്യാറാണെന്നുള്ള സമ്മതപത്രം എന്നിവ ഉൾപ്പെട്ടിരിക്കണം.

5. ഓഫർ ലഭിച്ച് ഏഴ് ദിവസത്തിനകം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, വില്ലേജ് ഓഫീസർ, റേഞ്ച് ഓഫീസർ (വനവുമായി അതിർത്തി പങ്കിടുന്ന ഭൂമിയിൽ), പഞ്ചായത്ത് സെക്രട്ടറി എന്നിവർ അടങ്ങിയ ഒരു കമ്മിറ്റി നേരിട്ട് പരിശോധിച്ച് പ്രസ്തുത സ്ഥലം പുനരധിവാസത്തിനായി വാങ്ങുവാൻ അനുയോജ്യമാണോ എന്നത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക്/ടിആർഡിഎമ്മിന് റിപ്പോർട്ട് നൽകണം.

6. പഞ്ചായത്ത് തല സമിതി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഫറുകൾ ജില്ലാ കളക്ടർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഐടിഡിപി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, വസ്തു ഉൾപ്പെടുന്ന പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളായ സ്ക്രൂട്ടണി കമ്മിറ്റി പരിശോധിച്ച് സ്ഥലം പദ്ധതി ആവശ്യത്തിന് അനുയോജ്യമാണോ എന്നത് സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്. സ്റ്റേറ്റ്മെന്റ് തയ്യാറാക്കുമ്പോൾ വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി, പ്ലോട്ടിലേയ്ക്ക് വാഹന സൗകര്യമുള്ള വഴി, വൈദ്യുതി ലഭ്യത, വൈദ്യുതി കുറഞ്ഞ ചെലവിൽ എത്തിക്കാൻ കഴിയുന്ന ഭൂമി, കുടിവെള്ള ലഭ്യതയുള്ള ഭൂമി, ആദായമുള്ള ഭൂമി, നിരപ്പായ ഭൂമി തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ച് വേണം ഭൂമി തരംതിരിച്ച് വാങ്ങാൻ. അർഹമായ ഭൂമിയുടെ സ്റ്റേറ്റ്മെന്റാണ് നൽകേണ്ടത്.

7. ജില്ലാതല സമിതി പരിശോധിച്ച് അർഹമെന്ന് കണ്ടെത്തുന്ന സ്ഥലങ്ങൾ, തിരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്നിവ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

8. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ രജിസ്ട്രാർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, തഹസീൽദാർ എന്നിവർ അംഗങ്ങളായ പർച്ചേസ് കമ്മിറ്റി ജില്ലാ കളക്ടർ രൂപീകരിക്കേണ്ടതാണ്.

9. പർച്ചേസ് കമ്മിറ്റി ജില്ലാതല സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

10. പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയും ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുള്ള വിലയും തമ്മിൽ അന്തരമുള്ള പക്ഷം ഉടമസ്ഥനുമായി നെഗോഷ്യേറ്റ് ചെയ്ത് വില നിർണ്ണയിക്കേണ്ടതാണ്.

11. ഭൂവുടമകൾ ആവശ്യപ്പെട്ട വിലയും പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയും നെഗോഷ്യേറ്റ് ചെയ്ത വിലയും സ്റ്റേറ്റ്മെന്റായി രേഖപ്പെടുത്തിയിരിക്കേണ്ടതാണ്.

12. പർച്ചേസ് കമ്മിറ്റി നിശ്ചയിക്കുന്ന വിലയ്ക്ക് സ്ഥലം നൽകാൻ തയ്യാറല്ലാത്ത ഉടമസ്ഥരെ ഒഴിവാക്കിക്കൊണ്ട് അറിയിപ്പ് നൽകണം. ആക്ഷേപം, അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിന് ഒരാഴ്ച സമയം അനുവദിക്കുന്നതാണ്.

13. സ്വീകാര്യമായ ഓഫറുകൾ സംബന്ധിച്ച് പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വില ഭൂഉടമയെ ബോധ്യപ്പെടുത്തി സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതാണ്.

14. പട്ടികവർഗ്ഗ അധിവാസ മേഖലകളോട് ചേർന്ന് നിൽക്കുന്ന സ്ഥലങ്ങൾക്ക് മുൻഗണന നൽകി ഭൂഉടമയിൽ നിന്നും ഭൂമി ജില്ലാ മിഷൻ വാങ്ങി ലാൻഡ് ബാങ്കായി നിലനിർത്തേണ്ടതാണ്.

15. വില നിർണ്ണയം, ഭൂമി വാങ്ങൽ എന്നിവയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രശ്നങ്ങൾ ജില്ലാ കളക്ടർമാർ യഥാസമയം ടി.ആർ.ഡി.എം ചീഫിന് റിപ്പോർട്ട് ചെയ്ത് പരിഹാരം കാണേണ്ടതാണ്.

16. സർക്കാർ ആവശ്യത്തിനായി ഭൂമി വാങ്ങുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ ഈ പദ്ധതിക്ക് ബാധകമായിരിക്കും. പ്രത്യേക പ്രശ്നങ്ങൾ വരികയാണെങ്കിൽ ടി.ആർ.ഡി.എം ചീഫ് ഉൾപ്പെടുന്നതും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനുമായുള്ള എംപവേർഡ് കമ്മിറ്റിയുടെ നിർദ്ദേശം തേടാവുന്നതുമാണ്.

**ബോധവൽക്കരണം**

ലാൻഡ് ബാങ്ക് രൂപപ്പെടുന്നതോടുകൂടി എസ്.ടി പ്രമോട്ടർമാർ, സന്നദ്ധ പ്രവർത്തകരെയും ഉപയോഗിച്ച് പദ്ധതി സംബന്ധിച്ച വിപുലമായ പ്രചരണം സംഘടിപ്പിക്കേണ്ടതാണ്. ഓരോ ഗുണഭോക്തൃ കുടുംബത്തെയും നേരിൽ കണ്ട് സംസാരിക്കുന്ന രീതി അവലംബിക്കേണ്ടതാണ്. പുനരധിവാസ മേഖലയിൽ ടി.ആർ.ഡി.എം നടത്തുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ഓരോ കുടുംബത്തിനും അവബോധം നൽകേണ്ടതാണ്.

**ഭൂമി വിതരണം ചെയ്യുന്ന വിധം**

1. ഭൂരഹിത പട്ടികവർഗ്ഗക്കാരെ സ.ഉ.(പി)41/02/പജപവവിവ തീയതി 20.07.2002 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം പാലിച്ച് തെരഞ്ഞെടുക്കണം.

2. ജില്ലാ മിഷൻ നറുക്കെടുപ്പിലൂടെ വിതരണം ചെയ്യുന്ന ഭൂമിയിൽ താമസിക്കാൻ തയ്യാറാണെന്ന സമ്മതപത്രം നൽകുന്നവരെ മാത്രമെ നറുക്കെടുപ്പിന് പരിഗണിക്കുകയുള്ളൂ.

3. The Kerala Assignments of Government lands to Scheduled Tribes Rule 2001-ലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം പട്ടയം നൽകേണ്ടത്.

## Land Bank Scheme (Purchase of Land)

### Purchase of land regulated by GO(Ms) No. 21/2018/SCSTDD dt: 03.03.18. Progress of scheme as on 22.01.2019

| Sl. No | District | | Number of applications received | | No. of applications verified by Field Level Committee (Panchayath Level) | | No. of applications recommended by Field Level Committee | | No. of applications rejected by Panchayath Level Committee | | No. of applications forwarded to District Mission for further actions | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | No. of application | Extent of land (Acre) | |
| 1 | TVM | | 13 | 14.47 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | The GO No.21/2018/SCSTDD with Guidelines issued on 03.03.2018. Progress is very slow. Thiruvananapuram district has 27 landless tribals |
| 2 | Kollam | | 27 | 33.3 | 7 | 13 | 2 | 3.5 | 5 | 9.5 | 2 | 3.5 | Kollam district has 37 landless tribals |
| 3 | Pathnamthitta | | 40 | 187.3 | 9 | 22 | 5 | 15 | 15 | 13 | 5 | 15 | Pathnamthitta district has 181 landless tribals |
| 4 | Alappuzha | | 22 | 16.86 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | Alappuzha district has 289 landless tribals |
| 5 | Kottayam | | 38 | 61.23 | 17 | 30.8 | 12 | 22.6 | 55 | 8.2 | 12 | 22.6 | Kottayam district has 124 landless tribals |
| 6 | Idukki | Idukki (PO) | 31 | 48.59 | 31 | 48.59 | 9 | 23 | 22 | 25.59 | 9 | 23 | Idukki district has 117 landless tribals |
| | | Adimali (TDO) | 26 | 54.06 | 24 | 14.51 | 12 | 14.51 | 12 | 25.87 | 12 | 14.51 | |
| 7 | Ernakulam | | 18 | 32.73 | 11 | 15 | 7 | 9 | 1 | 1.2 | 7 | 9 | Ernakulam district has 227 landless tribals |
| 8 | Thrissur | | 11 | 80.51 | 11 | 80.51 | 7 | 75.61 | 4 | 4.9 | 7 | 75.61 | Thrissur district has 48 landless tribals |
| 9 | Palakkad | | 63 | 116.41 | 15 | 15.18 | 8 | 7.68 | 7 | 7.5 | 8 | 7.68 | Palakkad district has 679 landless tribals |
| 10 | Kozhikkode | | 14 | 28.2 | 3 | 5.61 | 3 | 5.61 | 0 | 0 | 3 | 5.61 | Kozhikkode district has 117 landless tribals |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 11 | Malappuram | | 27 | 125.87 | 20 | 84.97 | 9 | 40.56 | 7 | 32.28 | 9 | 40.56 | 4 application (12.13 Acre) need further verification Malappuram district has 598 landless tribals |
| 12 | Wayanad | Kalpetta | 16 | 45.14 | 16 | 45.14 | 3 | 0 | 0 | 0 | 0 | 0 | Rs. 6 crore has been allotted for 144 rehabilated families. Wayanad district has 8263landless tribals |
| | | Manathavady | 52 | 131.21 | 51 | 130.83 | 33 | 88.87 | 18 | 37.99 | 33 | 88.87 | |
| | | Bathery | 49 | 77.89 | 49 | 77.89 | 17 | 34 | 22 | 43.89 | 17 | 34 | |
| 13 | Kasaragod | | 242 | 621 | 71 | 128.26 | 37 | 88.27 | 34 | 39.99 | 37 | 88.27 | Kasaragod district has 503 landless tribals |
| 14 | Kannur | | | | | | | | | | | | |
| | **Total** | | **689** | **1674.77** | **335** | **712.29** | **164** | **428.21** | **202** | **249.91** | **161** | **428.21** | |